## പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ

224 (1258) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്ര ശതമാനം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ;

(സി) എല്ലാ പഞ്ചായത്തുകളിലും പ്രസ്തുതകമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായാണ് പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, കൂടാതെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതുവിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വില

225 (1259) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിപണിയിൽ വൻവില വർദ്ധനവിന് ഇത് ഇടയാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് ഇപ്പോൾ സബ്സിഡിയുള്ളതെന്നും അവ വിലയിൽ നിന്നും എത്ര കുറച്ചാണ് നൽകുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഉയരുന്ന മാർക്കറ്റ് വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly